**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3506** **02-03-2023 - ൽ മറുപടിയ്ക്ക്**

**ചാത്തന്നൂർ മണ്ഡലത്തിലെ കെ.എൽ.ഡി.സി. പ്രവൃത്തികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ജി എസ് ജയലാൽ | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | ചാത്തന്നൂർ മണ്ഡലത്തിൽ കെ.എൽ.ഡി.സി. യുടെ നിർവ്വഹണ ചുമതലയിൽ എത്ര പ്രവൃത്തികൾ നടന്നുവരുന്നുണ്ടെന്നും അവ ഏതെല്ലാമാണെന്നും ഓരോ പ്രവൃത്തിയ്ക്കും ഭരണാനുമതി ലഭിച്ച തുക എത്രയെന്നും വ്യക്തമാക്കുമോ; | (എ) | **രണ്ടു പ്രവൃത്തികൾ.**<br><br>**1. ആർ.കെ.വി.വൈ. 2019-20 പദ്ധതിയിൽ ഉൾപ്പെടുത്തി ഭൂതക്കുളം പഞ്ചായത്തിലെ വിവിധ പാടശേഖരങ്ങളുടെ അടിസ്ഥാന സൗകര്യവികസന പ്രവൃത്തികൾക്ക് 241.23 ലക്ഷം രൂപ അനുവദിച്ചു. പ്രവൃത്തികൾ പുരോഗമിച്ചുകൊണ്ടിരിക്കുന്നു.**<br><br>**2. ആർ.ഐ.ഡി.എഫ് XXVI-ൽ ഉൾപ്പെട്ട ആദിച്ചനല്ലൂർ പഞ്ചായത്തിലെ തഴുത്തലപോളയിൽ ഏലയുടെയും കല്ലുവാതുക്കൽ പഞ്ചായത്തിലെ ഇളംകുളം ഏലയുടെയും അടിസ്ഥാനസൗകര്യ വികസന പ്രവൃത്തികൾക്ക് 182.736 ലക്ഷം അനുവദിച്ചു. പ്രവൃത്തികൾ ആരംഭിച്ചിട്ടില്ല.** |
| (ബി) | പ്രസ്തുത പ്രവൃത്തികൾ സംബന്ധിച്ച നിലവിലെ പുരോഗതി വിശദമാക്കുമോ; | (ബി) | **രണ്ടു പ്രവൃത്തികൾ.**<br><br>**1. ആർ.കെ.വി.വൈ. 2019-20 പദ്ധതിയിൽ ഉൾപ്പെടുത്തി ഭൂതക്കുളം പഞ്ചായത്തിലെ വിവിധ പാടശേഖരങ്ങളുടെ അടിസ്ഥാന സൗകര്യവികസന പ്രവൃത്തികൾക്ക് 241.23 ലക്ഷം രൂപ അനുവദിച്ചു. പ്രവൃത്തികൾ പുരോഗമിച്ചുകൊണ്ടിരിക്കുന്നു.**<br><br>**2. ആർ.ഐ.ഡി.എഫ് XXVI-ൽ ഉൾപ്പെട്ട ആദിച്ചനല്ലൂർ പഞ്ചായത്തിലെ തഴുത്തലപോളയിൽ ഏലയുടെയും കല്ലുവാതുക്കൽ പഞ്ചായത്തിലെ ഇളംകുളം ഏലയുടെയും അടിസ്ഥാനസൗകര്യ വികസന പ്രവൃത്തികൾക്ക് 182.736 ലക്ഷം അനുവദിച്ചു. പ്രവൃത്തികൾ ആരംഭിച്ചിട്ടില്ല.** |
| (സി) | ഭരണാനുമതി ലഭിച്ചവയിൽ ഏതെല്ലാം പ്രവൃത്തികളാണ് ഇനി ആരംഭിക്കാനുള്ളതെന്ന് അറിയിക്കുമോ; അവ ആരംഭിക്കാൻ നേരിടുന്ന കാലതാമസത്തിന്റെ കാരണം എന്തെന്ന് വ്യക്തമാക്കുമോ? | (സി) | **ആർ.ഐ.ഡി.എഫ് XXVI-ൽ ഉൾപ്പെട്ട ആദിച്ചനല്ലൂർ പഞ്ചായത്തിലെ തഴുത്തലപോളയിൽ ഏലയുടെയും കല്ലുവാതുക്കൽ പഞ്ചായത്തിലെ ഇളംകുളം ഏലയുടെയും അടിസ്ഥാനസൗകര്യ വികസന പ്രവൃത്തികൾ ആരംഭിച്ചിട്ടില്ല. സ്ഥലം** |

| | | | |
|---|---|---|---|
| | | | **എം.എൽ.എയുടെയും സ്ഥലവാസികളുടെയും കർഷകരുടെയും അഭിപ്രായപ്രകാരം ആവശ്യമായ മാറ്റങ്ങൾ വരുത്താൻ നടപടികൾ സ്വീകരിച്ചു വരുന്നു.** |

സെക്ഷൻ ഓഫീസർ